# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5550** **01.07.2019-ൽ മറുപടിക്ക്**

## ടൂറിസം രംഗത്ത് മാനവശേഷി വികസനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീ. കെ. രാജൻ<br>ശ്രീ. എൽദോ എബ്രഹാം | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ടൂറിസം രംഗത്ത് മാനവശേഷി വികസനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികൾ വ്യക്തമാക്കുമോ; | എ) ടൂറിസം രംഗത്ത് മാനവശേഷി വികസനം ലക്ഷ്യമിട്ട് വിവിധ പദ്ധതികൾ വിനോദസഞ്ചാര വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ നടത്തി വരുന്നു. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (കേരള) സൊസൈറ്റി, ഹോട്ടൽ/ഹോസ്പിറ്റാലിറ്റി മേഖലയിൽ വിദഗ്ധ പരിശീലനം നൽകുന്ന വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ്. വർഷാവർഷം 1430-ൽപ്പരം വിദ്യാർത്ഥികൾക്ക് ഹോട്ടൽ മേഖലയിലെ വിവിധ ട്രേഡുകളിൽ വിദഗ്ധ പരിശീലനം നൽകി ഹോട്ടൽ/ഹോസ്പിറ്റാലിറ്റി മേഖലകളിൽ ജോലിക്ക് പ്രാപ്തരാക്കുന്നു. കൂടാതെ ഗവൺമെന്റ് ഗസ്റ്റ് ഹൗസിലെ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാർക്ക് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് വഴി വിദഗ്ധ പരിശീലനം നൽകി വരാറുണ്ട്.<br><br>വിനോദസഞ്ചാര മേഖലയിലെ തൊഴിൽ അവസരങ്ങൾക്കായി കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് താഴെ പറയുന്ന കോഴ്സുകൾ നടത്തി വരുന്നു. |

1. മൂന്ന് വർഷത്തെ ബി.എസ്.സി ഹോസ്പിറ്റാലിറ്റി & ഹോട്ടൽ അഡ്മിനിസ്ട്രേഷൻ കോഴ്സ്

2. കേന്ദ്ര സർക്കാരിന്റെ കപ്പാസിറ്റി ബിൽഡിംഗ് ഫോർ സർവീസ് പ്രൊവൈഡേഴ്സ് പ്രകാരം താഴെ പറയുന്ന ട്രെയിനിംഗ് പ്രോഗ്രാമുകൾ നടപ്പിലാക്കി വരുന്നുണ്ട്. 300 മണിക്കൂർ ദൈർഘ്യമുള്ള ഫുഡ് & ബിവറേജസ് സർവീസ് (Waiter) പരിശീലനം, 500 മണിക്കൂർ ദൈർഘ്യം ഉള്ള ഫുഡ് പ്രൊഡക്ഷൻ (COOK) പരിശീലനം, ആറു ദിവസത്തെ സ്കിൽ പരിശീലനവും സർട്ടിഫിക്കേഷനും.

3. നാഷണൽ കൗൺസിൽ ഫോർ ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി ഈ വർഷം മുതൽ താഴെ പറയുന്ന ഡിപ്ലോമ കോഴ്സുകൾ നടത്താൻ അനുവാദം നൽകിയിട്ടുണ്ട്.

1. ഡിപ്ലോമ ഇൻ ഫുഡ് പ്രൊഡക്ഷൻ
2. ഡിപ്ലോമ ഇൻ ഫുഡ് & ബിവറേജ് സർവീസ്
3. ഡിപ്ലോമ ഇൻ ഹൗസ് കീപ്പിംഗ്

മൂന്നു വർഷത്തെ ബി.എസ്.സി ഹോസ്പിറ്റാലിറ്റി & ഹോട്ടൽ അഡ്മിനിസ്ട്രേഷൻ കോഴ്സ്, കേന്ദ്ര ടൂറിസം മന്ത്രാലയത്തിനു കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജിയുടെയും ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെയും അംഗീകാരത്തോടെ നടത്തുന്നതാണ്. 300/500 മണിക്കൂർ ദൈർഘ്യമുള്ള പരിശീലനങ്ങൾ 18 വയസ്സിനു മുകളിൽ പ്രായമുള്ള യുവതീയുവാക്കളെ ഹോസ്പിറ്റാലിറ്റി രംഗത്തെ പുതിയ തൊഴിൽ അവസരങ്ങൾക്ക് സന്നദ്ധരാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആറു ദിവസത്തെ

പരിശീലനം നിലവിൽ ഹോട്ടൽ വ്യവസായത്തിൽ ജോലിചെയ്യുന്നവരുടെ സ്കിൽ പരിശീലനവും സർട്ടിഫിക്കേഷനും നടത്തുന്നു. കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ വിശദമായ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത പരിശീലനങ്ങൾ നടത്തുന്നത്. കൂടാതെ വിവിധ വകുപ്പുകളുടെ ആവശ്യപ്രകാരം പ്രത്യേക പരിശീലന പരിപാടികൾ നടത്താറുമുണ്ട്.

ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആന്റ് ടൂറിസം സ്റ്റഡീസിൽ (KITTS) ടൂറിസവുമായി ബന്ധപ്പെട്ട വിവിധ സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ഡിഗ്രി കോഴ്സുകൾ നടത്തി വരുന്നു. AICTE അംഗീകാരമുള്ള MBA (ട്രാവൽ ആന്റ് ടൂറിസം), BBA (ടൂറിസം മാനേജ്മെന്റ്) എന്നീ കോഴ്സുകൾ നിലവിലുണ്ട്. കൂടാതെ ഈ വർഷം മുതൽ B.Com (ട്രാവൽ & ടൂറിസം) എന്ന കോഴ്സും ആരംഭിക്കുന്നതാണ്. കേരളത്തിലെ ടൂറിസം മേഖല യിൽ പരിശീലനം ലഭിച്ച ഗൈഡുമാരുടെ അഭാവം പരിഹരിക്കാൻ പ്രത്യേക ' ഗൈഡ് ട്രെയിനിംഗ് കോഴ്സും ' കിറ്റ്സിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്നു.

ബി) ശിവഗിരിയും സമീപ തീർത്ഥാടന കേന്ദ്രങ്ങളും ഉൾക്കൊള്ളിച്ച് തീർത്ഥാടന ടൂറിസം പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ; ഈ പദ്ധതിക്ക് ആവശ്യമായ കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

ബി) ശിവഗിരിയും സമീപ തീർത്ഥാടന കേന്ദ്രങ്ങളും ഉൾക്കൊള്ളിച്ച് തീർത്ഥാടന ടൂറിസം പദ്ധതി സംസ്ഥാന ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത് സംബന്ധിച്ച് ഇപ്പോൾ വകുപ്പിന്റെ പരിഗണനയിലില്ല. എന്നാൽ കേന്ദ്ര ടൂറിസം മന്ത്രാലയം സ്വദേശ് ദർശൻ സ്കീമിലെ സ്പിരിച്വൽ സർക്യൂട്ടിൽ ഉൾപ്പെടുത്തി ശിവഗിരി ശ്രീനാരായണ ഗുരു ആശ്രമം -അരുവിപ്പുറം- കുന്നുംപാറ ശ്രീ സുബ്രഹ്മണ്യ-ചെമ്പഴന്തി ശ്രീനാരാ

യണ ഗുരുകുലം എന്ന തീർത്ഥാടന ടൂറിസം പദ്ധതിയ്ക്ക് അനുമതി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പദ്ധതി പ്രൊപ്പോസൽ, DPR എന്നിവ ടൂറിസം വകുപ്പായിരുന്നു സമർപ്പിച്ചിരുന്നത്. എന്നാൽ പദ്ധതിയുടെ നിർമ്മാണ ചുമതല ITDC-യ്ക്കാണ് കേന്ദ്ര ടൂറിസം മന്ത്രാലയം നൽകിയിട്ടുള്ളത്. മേൽ പദ്ധതിയ്ക്ക് 69.47 കോടി രൂപയുടെ അനുമതിയാണ് ലഭിച്ചിട്ടുള്ളത്.

സി) ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലത്തിൽ എന്തൊക്കെ പുതിയ സൗകര്യങ്ങളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

സി) മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലത്തിന്റെ വികസനത്തിനായി 351.37 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിവരണം ചുവടെ ചേർക്കുന്നു.

1. TFC & ഫസ്റ്റ് എയ്ഡ് സെന്റർ, ക്ലോക്ക് റൂം, കഫറ്റേരിയ, റീഡിംഗ് റൂം എന്നിവ.
2. ഇല്യൂമിനേഷൻ
3. റയിൻവാട്ടർ ഹാർവെസ്റ്റിംഗ്
4. പാർക്കിംഗ് ഏരിയ വികസനം
5. പബ്ലിക് കൺവീനിയൻസ്
6. തിടപ്പള്ളി
7. സോളാർ പവർ പ്ലാന്റ്
8. ലാന്റ്സ്കേപ്പ് വികസനം
9. വാട്ടർ ഫൗണ്ടൻ
10. ഡസ്റ്റ് ബിൻ/ചൂണ്ടുപലകകൾ
11. കുടിവെള്ള സംവിധാനം
12. ഓവർഹെഡ് വാട്ടർ ടാങ്ക്

ശ്രീനാരായണ ഗുരുവിന്റെ ജന്മസ്ഥലമായ ചെമ്പഴന്തി ഗുരുകുലത്തിൽ ഒരു " കൺവെൻഷൻ സെന്റർ " നിർമ്മിക്കുന്നതിന് 9,90,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര ആസ്ഥാന മായുള്ള ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-

ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിനാണ് ഇതിന്റെ നിർവ്വഹണ ചുമതല നൽകിയിട്ടുള്ളത്. 18 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ഡി) വേളി ടൂറിസ്റ്റ് വില്ലേജിൽ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

ഡി) വേളിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ കൺവെൻഷൻ സെന്റർ, മിനിയേച്ചർ റെയിൽവേ, അർബൻ പാർക്ക്, ഇക്കോ പാർക്ക്, ടൂറിസ്റ്റ് വില്ലേജിന്റെ തീര സംരക്ഷണം എന്നിവ ഉൾപ്പെടുന്ന 34.5 കോടി രൂപയുടെ ആറു പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കുന്നത്.

| പദ്ധതിയുടെ പേര് | അനുവദിച്ച തുക (രൂപ കോടിയിൽ) |
|---|---|
| 1. കൺവെൻഷൻ സെന്റർ | 9.98 |
| 2. മിനിയെച്ചർ റെയിൽവേ | 9 |
| 3. അർബൻ പാർക്ക് | 4.99 |
| 4. ഇക്കോ പാർക്ക് & ഷോർ ലൈൻ വികസനം | 4.78 |
| 5. വിവിധോദ്ദേശ ടൂറിസ്റ്റ് ഫെസിലിറ്റി സെന്റർ | 3.60 |

ടി പദ്ധതികളുടെ നിർവഹണ ഏജൻസിയായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ നിയമിച്ചിട്ടുണ്ട്.

ഇ) വർക്കലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന മാസ്റ്റർ പ്ലാൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

ഇ) വർക്കലയിലെ ബീച്ച് ടൂറിസം വികസനത്തിന് 8.99 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന വകുപ്പിന്റെ ആർക്കിടെക്ട് എംപാനൽമെന്റ് ഏജൻസിയായ ദീപക് മേത്ത ആർക്കിടെക്ട് ഗ്രൂപ്പ് വിഭാവനം ചെയ്ത മാസ്റ്റർ പ്ലാനിൽ പ്രധാനമായും, പിൽഗ്രിമേജ് ടൂറിസം, ബീച്ച് ടൂറിസം, ഹെൽത്ത് ടൂറിസം, ഹെറിറ്റേജ് ടൂറിസം

എന്നീ ഘടകങ്ങളായി ഉൾപ്പെടുത്തിയ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്. കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തെ നിർവ്വഹണ ഏജൻസിയായി വകുപ്പ് തെരഞ്ഞെടുത്തിട്ടുണ്ട്. 24 മാസമാണ് പദ്ധതി പൂർത്തിയാക്കുന്നതിനുള്ള കാലാവധി. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ